# അക്കാദമിക മാസ്റ്റർ പ്ലാൻ

**2025-26**

**ജി എച്ച് എസ് എസ് ചെറിയമുണ്ടം**

# ആമുഖം

കേരളത്തിലെ പൊതുവിദ്യാഭ്യാസം അഭൂതപൂർവ്വമായ ഒരു മുന്നേറ്റത്തിന് സാക്ഷ്യം വഹിക്കുകയാണ്. സമൂഹസ്ഥാപനം എന്ന നിലയിൽ ഉയർന്ന പ്രതീക്ഷയ്ക്കൊത്ത് പൊതുവിദ്യാലയങ്ങളെ പരിവർത്തിപ്പിക്കേണ്ടതുണ്ട്. അർത്ഥപൂർണ്ണമായ ജനപങ്കാളിത്തം കൊണ്ടുമാത്രമേ അഭിലഷണീയ രീതിയിൽ പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്താൻ കഴിയൂ എന്നുള്ള ഉന്നതബോധം ആധുനിക സമൂഹം ഇന്ന് കാത്തുസൂക്ഷിക്കുന്നുണ്ട്.

കോവിഡ് സമസ്തമേഖലകളെയും സ്തംഭിപ്പിച്ച കൂട്ടത്തിൽ വിദ്യാഭ്യാസരംഗവും ഉൾപ്പെട്ടത് സ്വാഭാവികമാണ്. എന്നാൽ കേരളം രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വിഭിന്നമായി പഠനവിടവ് കൂടുതൽ സൃഷ്ടിക്കാതെ തന്നെ മുന്നോട്ട് പോയി. പഠനം ഓൺലൈനായി മുന്നേറി.

ലോകത്തെ അത്ഭുതപ്പെടുത്തിക്കൊണ്ട് കേരള വികസന മാതൃക നല്ലൊരു സമൂഹവികസന മാതൃകയായി വിലയിരുത്തപ്പെട്ടിട്ടുണ്ട്. വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങളും സൗകര്യങ്ങളും പടിപടിയായി മാറിക്കൊണ്ടിരിക്കുന്നതിനോടൊപ്പം തന്നെ അക്കാദമിക നിലവാരവും നമുക്ക് ഉയർത്തേണ്ടതുണ്ട്. ഒരു വിദ്യാലയത്തിൽ നിന്നും സമൂഹം എന്ത് പ്രതീക്ഷിക്കുന്നുവോ, അത് മുഴുവനായും നിറവേറ്റാൻ അക്കാദമിക സ്ഥാപനം എന്ന നിലയിൽ നമുക്ക് കഴിയേണ്ടതുണ്ട്. ജനപ്രതിനിധികൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, രക്ഷിതാക്കൾക്കും, അധ്യാപകർക്കും സമൂഹത്തിലെ ഇതര വിഭാഗങ്ങൾക്കുമെല്ലാം നിസ്സീമമായ സഹകരണം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉണ്ടാകണമെന്ന് ആദ്യമേ തന്നെ ഞങ്ങൾ  അഭ്യർത്ഥിക്കുന്നു.

വൈവിധ്യമാർന്നതും തനിമയുള്ളതുമായ അന്വേഷണങ്ങളിലൂടെയും ഇടപെടലുകളിലൂടെയും പൊതുവിദ്യാഭ്യാസത്തെ കരുത്തുറ്റതാക്കി തീർക്കാം. വ്യക്തമായ കാഴ്ചപ്പാടോടെ ശക്തമായ ഇടപെടലുകളിലൂടെ പ്രകടമായ മാറ്റം സാധ്യമാക്കാം. അചഞ്ചലമായ ഇച്ഛാശക്തിയോടെ ഒത്തൊരുമിച്ച് ഈ ദൗത്യം ഏറ്റെടുക്കാം.

1. ലക്ഷ്യങ്ങൾ
2. വിദ്യാലയ ചരിത്രം
3. അവസ്ഥാ വിശകലനം
4. വിഷയമേഖലകൾ

**ലക്ഷ്യങ്ങൾ**

1 മുതൽ 10 വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണ്യവും (അന്താരാഷ്ട്ര നിലവാരത്തിൽ) ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.

ഐ.സി.ടി പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.

ക്ലാസ്സ് റൂമുകളിൽ ഐ.സി.ടി അധിഷ്ഠിത ക്ലാസുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കുക.

പഠന പ്രവർത്തനങ്ങൾ വ്യാപകമാക്കുക, പഠന നിലവാരം ഉയർത്തുക.

കലാ കായിക പ്രവർത്തിപരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക-മാനസിക-സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.

കുട്ടികളുടെ മാനസികവും ശാരീരികവുമായ പ്രയാസങ്ങൾ തത്സമയം പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ വിദ്യാലയത്തിൽ തന്നെ ഉറപ്പുവരുത്തുക.

വിദ്യാലയത്തിന്റെ സമസ്ത മേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുക.

പ്രാദേശിക വിഭവ പടം തയ്യാറാക്കി പ്രതിഭകളുടെ സേവനം വിദ്യാലയത്തിൽ ലഭ്യമാക്കുക.

## വിദ്യാലയ ചരിത്രം

മലപ്പുറം ജില്ലയിലെ ശ്രദ്ധേയമായ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നാണ് ചെറിയമുണ്ടം ഗവ. ഹയർസെക്കന്ററി സ്കൂൾ, ചെറിയമുണ്ടം.

ചെറിയമുണ്ടം പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രം 1915 മുതൽ ആരംഭിക്കുന്നു. ഇന്ന് ചെറിയമുണ്ടം എ. എം.എൽ.പി സ്കൂൾ എന്നറിയപ്പെടുന്ന ആലുംകൂണ്ട് സ്കൂൾ മദ്രസ വിദ്യാഭ്യാസ ബോർഡിന്റെ കീഴിലാണ് സ്ഥാപിക്കപ്പെട്ടത്. അക്കാലത്ത് സെക്കന്ററി വിദ്യാഭ്യാസത്തിനായി 1 കി.മീ നടന്ന് കോട്ടക്കൽ രാജാസ് ഹൈസ്കൂളിലോ ഏതാണ്ട് 10 കി.മീ നടന്ന് തിരൂർ ബോയ്സ് ഹൈസ്കൂളിലോ ഈ പ്രദേശത്തെ കുട്ടികൾ പോകണമായിരുന്നു. വളരെ ഏറെ വൈഷമ്യങ്ങൾ സഹിച്ചുപോലും ആ കാലയളവിൽ ബിരുദം നേടിയ ആളുകൾ ഉണ്ടായിരുന്നു എന്നാണ് പഴമക്കാർ പറയുന്നത്. ഈ പഞ്ചായത്തിൽ 1974 ൽ തലക്കടത്തൂർ ജി.എം.എൽ.പി സ്കൂളിനോടനുബന്ധിച്ച് സ്ഥാപിച്ച ചെറിയമുണ്ടം പഞ്ചായത്തിലെ ഏക ഹയർ സെക്കന്ററി വിദ്യാലയമാണ്.

## വിദ്യാലയത്തിന്റെ തുടക്കം

പഞ്ചായത്തിലെ ഏക ഹയർസെക്കന്ററി സ്കൂളാണ് ചെറിയമുണ്ടം ഗവ. ഹയർസെക്കന്ററി സ്കൂൾ. 1974 സെപ്റ്റംബർ മാസത്തിൽ തലക്കടത്തൂർ ജി.എം.എൽ.പി സ്കൂളിനോടനുബന്ധിച്ച് ആരംഭിച്ച ഹൈസ്കൂളിന് ബാലാരിഷ്ടതകൾ ഏറെയായിരുന്നു. കെട്ടിടം പണിയുന്നതിന് 25,000 രൂപയും ആവശ്യമായ സ്ഥലവും സ്പോൺസറിംഗ് കമ്മിറ്റി സംഭാവനയായി സർക്കാരിന് നൽകി. അന്ന് മൂന്ന് സ്കൂളുകൾ ഒരു കെട്ടിടത്തിൽ പ്രവർത്തിക്കുകയും 4 ഷിഫ്റ്റായി ക്ലാസുകൾ നടക്കുകയുമാണ് ചെയ്തത്. കേരളമാകെ ശ്രദ്ധിക്കപ്പെട്ട സംഭവമായിരുന്നു അത്. 1980 ൽ തലക്കടത്തൂർ ഗവ. യു.പി സ്കൂളിനും ചെറിയമുണ്ടം ഗവ. ഹൈസ്കൂളിനും ചെനപ്പുറത്ത് പ്രത്യേകം കെട്ടിടങ്ങൾ നിർമ്മിക്കപ്പെടുകയും അങ്ങോട്ട് മാറ്റുകയുമുണ്ടായി. പിന്നീട് 1994 ജൂലൈ മാസം 1-ാം തിയ്യതി തലക്കടത്തൂർ ഗവ. യു.പി സ്കൂൾ ചെറിയമുണ്ടം ഗവ. ഹൈസ്കൂളിൽ ലയിപ്പിക്കുകയും 5 മുതൽ 10 വരെ ക്ലാസുകളുള്ള ഹൈസ്കൂളായി പ്രവർത്തനമാരംഭിക്കുകയും ചെയ്തു. പിന്നീട് 2005 ൽ സ്കൂളിന് ഹയർസെക്കന്ററി വിഭാഗവും അനുവദിക്കപ്പെട്ടു.

പാട്ടത്തിൽ മാനുഹാജി സംഭാവനയായി നൽകിയതാണ് ഇന്ന് സ്കൂൾ സ്ഥിതി ചെയ്യുന്ന 6 ഏക്കറോളം വരുന്ന ഭൂമി 1987 ഒക്ടോബർ 17 ന് അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ കെ ചന്ദ്രശേഖരൻ പൂർത്തീകരിച്ച ഹൈസ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

## അക്കാദമിക രംഗം

സ്കൂളിന്റെ പ്രാരംഭഘട്ടത്തിൽ വളരെ താഴ്ന്ന വിജയശതമാനമാണ് എസ് എസ് എൽ സി പരീക്ഷയിൽ നേടാൻ സാധിച്ചത് മോശമായ ഭൗതിക സാഹചര്യങ്ങൾ, അധ്യാപകക്ഷാമം, രക്ഷിതാക്കളുടെ താല്പര്യക്കുറവ് എന്നിവയെല്ലാം ഇതിന് കാരണമായി തുടക്കത്തിൽ വളരെ കുറഞ്ഞ വിജയശതമാനം മാത്രം രേഖപ്പെടുത്തിയ സ്കൂൾ 2017 മുതൽ 100% വിജയം നേടി വളർച്ചയുടെ പാതയിലാണ്. ക്രിയാത്മകമായ പ്രവർത്തനങ്ങളും ഭൗതിക സാഹചര്യങ്ങളിൽ ഉണ്ടായ മാറ്റവും വിജയശതമാനത്തിൽ കാര്യമായ വർദ്ധന ഉണ്ടാക്കി.

## എസ്.എസ്.എൽ.സി. ഫലത്തിന്റെ ഒരു അവലോകനം

| | |
|---|---|
| 2005-06 | 64% |
| 2006-07 | 78% |
| 2007-08 | 87% |
| 2008-09 | 69% |
| 2009-2010 | 70% |
| 2010-2011 | 85.55% |
| 2011-2012 | 86% |
| 2012-2013 | 92% |
| 2013-2014 | 96% |
| 2014-2015 | 99% |
| 2015-2016 | 85% |
| 2016-2017 | 100% |

2016-2017 മുതൽ 2025 വരെ 100% വിജയം ആവർത്തിക്കുന്നു.

## അവസ്ഥാ വിശകലനം

## ഭൗതികം

ഓരോ വിദ്യാലയത്തിനും അതിന്റെ ഫലപ്രദമായ പ്രവർത്തനത്തിന് ഭൗതിക സാഹചര്യങ്ങൾ,മനുഷ്യവിഭവശേഷി, സമ്പത്ത്, സാമഗ്രികൾ എന്നിങ്ങനെ വിവിധതരം വിഭവങ്ങൾ വേണം. വിദ്യാർത്ഥികൾക്ക്സൗകര്യപ്രദവും സുരക്ഷത്ത്വവും സ്വാതന്ത്ര്യവും ശിശു സൗഹൃദപരവുമായ അന്തരീക്ഷം ഒരുക്കണം. വിഭവങ്ങളുടെ കാര്യത്തിൽ പരിഗണിക്കേണ്ട ഏറ്റവും പ്രധാന സവിശേഷത ലഭ്യതയും കാര്യക്ഷമതയുമാണ്. ലഭ്യത എന്നതുകൊണ്ട് അർത്ഥമാക്കുന്നത് സുരക്ഷിതത്വവും ഗുണപ്രാപ്തമായ പഠന സാഹചര്യം എല്ലാവർക്കും പ്രാപ്യമാക്കലാണ്. കാര്യക്ഷമത എന്നത് ലഭ്യമായ വിഭവങ്ങളുടെ ഏറ്റവും ഫലപ്രദമായ ഉപയോഗമാണ്. ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യസുരക്ഷാ സംവിധാനങ്ങൾ ഉറപ്പുവരുത്തി ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ ഒരു വിദ്യാലയം മികവുറ്റതാകുന്നു.

**1. ഹൈസ്കൂൾ വിഭാഗത്തിൽ 5-10 വരെ ക്ലാസ്സുകളിലേക്കുള്ള അധ്യയനമാണ് നടക്കുന്നത്.**

| ക്ലാസ് | കുട്ടികൾ | | |
|---|---|---|---|
| | ആൺ | പെൺ | ആകെ |
| 5 | 16 | 12 | 28 |
| 6 | 19 | 15 | 34 |
| 7 | 28 | 21 | 49 |
| 8 | 23 | 24 | 47 |
| 9 | 28 | 34 | 62 |
| 10 | 30 | 27 | 57 |
| ആകെ | 144 | 133 | 227 |

**2.** മുഴുവൻ സമയ ലൈബ്രേറിയൻ സ്കൂളിലില്ല. ഒരു അധ്യാപികക്ക് അധിക ചുമതല നൽകിയാണ് ലൈബ്രറി പ്രവർത്തനം

മുന്നോട്ടുപോകുന്നത്. ലൈബ്രറിയിൽ ലഭ്യമായ ആനുകാലിക പ്രസിദ്ധീകരണങ്ങൾ നാമമാത്രമാണ്. ആകെ 9200 പുസ്തകമാണ് സ്കൂൾ ലൈബ്രറിയിൽ ഉള്ളത്.

3. ഹൈസ്കൂളിനും, യു.പി.സ്കൂളിനും പ്രത്യേകം ലാബുകൾ ഇല്ല. ഓരോ വിഷയത്തിനും പ്രത്യേക ലാബുകൾ ഇല്ല. ശാസ്ത്ര പാർക്ക്, സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് ,എന്നിവ ഉണ്ട്. കൂടാതെ
ഇൻക്ലൂസിവ് എഡ്യുക്കേഷനു വേണ്ട സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്.

4. കുട്ടികളുടെ നൈപുണ്യ വികസനത്തിനുവേണ്ടി "ക്രിയേറ്റീവ് കോർണ്ണർ" എന്ന പേരിൽ 2025-26 വർഷത്തിൽ പുതിയൊരു പദ്ധതി സ്കൂളിൽ ആരംഭിച്ചിട്ടുണ്ട്.

5. വിദ്യാലയത്തിൽ ആകെ 42 കമ്പ്യൂട്ടറുകൾ ഉണ്ട്.
ഹൈസ്കൂൾ വിഭാഗം: 32
യു.പി വിഭാഗം: 10

ആറ് ഹൈസ്കൂൾ ക്ലാസുകൾ ഹൈടെക് ആയിട്ടുണ്ട്. ഓഫീസ് മുറി, ഐ.ടി.ലാബ്, ആറ് ഹൈസ്കൂൾ ക്ലാസ്സുകൾ എന്നിവിടങ്ങളിൽ ഇന്റർനെറ്റ് സൗകര്യവുമുണ്ട്.

## അക്കാദമികം: പഠന ബോധനതന്ത്രങ്ങളും അവയുടെ വിലയിരുത്തലും

പഠിതാക്കളുടെ ശേഷിവികാസവുമായി ബന്ധമുള്ള ഒരു പ്രധാനപ്പെട്ട മേഖലയാണ് പഠനബോധനതന്ത്രങ്ങൾ, കാര്യമായ ആസൂത്രണം, ഫലപ്രദമായ പഠന പശ്ചാത്തലമൊരുക്കൽ, വ്യത്യസ്തങ്ങളായ പഠന തന്ത്രങ്ങളുടെ നിർവ്വഹണം, അധ്യാപകരുടെ വിഷയ പരിജ്ഞാനം കുട്ടികളുടെ പഠനശേഷിയെ സംബന്ധിച്ച ധാരണ എന്നിവ ഉയർന്ന പഠന നില കൈവരിക്കുന്നതിന് കുട്ടികളെ സഹായിക്കുന്നു. വിലയിരുത്തൽ പ്രക്രിയയുടെ ഫലവത്തായ നിർവ്വഹണം ഇതിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നുണ്ട്. ഇതുവഴി വിദ്യാർത്ഥികളെ മനസ്സിലാക്കാനും, തന്റെ പഠന ബോധനരീതിയുടെ ഫലപ്രാപ്തി വിലയിരുത്താനും അധ്യാപകന് കഴിയുന്നു.

കുട്ടിയെ അറിയലാണ് പഠനബോധന പ്രക്രിയയുടെ ആദ്യഘട്ടം കുട്ടികളുടെ സാമൂഹ്യ സാംസ്കാരിക, സാമ്പത്തിക, ഗാർഹിക വിവരങ്ങൾ

ശേഖരിക്കുന്നതിന് വിദ്യാലയ രേഖകൾ, പഠിതാൾ, സി.പി.ടി.എ എന്നീ സാധ്യതതകളാണ് അധ്യാപകർ ഉപയോഗിക്കുന്നത്. ഗൃഹ സന്ദർശനവും നടത്താറുണ്ട്.

## <u>മേഖല-അക്കാദമികം (ഹൈസ്കൂൾ)</u>

### <u>ഉപമേഖല: മലയാളഭാഷാപഠനം</u>

**1. ലക്ഷ്യം**
സംഭവങ്ങൾ / അനുഭവങ്ങൾ ഓർത്തെടുത്ത് വ്യവഹാര രൂപത്തിലാക്കുക.
**പ്രവർത്തനങ്ങൾ**
അവധിക്കാലത്തെ ഏറ്റവും മനോഹരമായ ഒരു ദിവസത്തെ ഡയറി എഴുതുക.
**കാലയളവ്**
ജൂൺ
**ചുമതല**
ഭാഷാദ്ധ്യാപകർ
**സാമ്പത്തികം**
പി.ടി.എ

**2. ലക്ഷ്യം :**
ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
**പ്രവർത്തനങ്ങൾ:**
പ്രീടെസ്റ്റ്, ചിത്രം നൽകി കഥ പറയൽ , വായനക്കാർഡ്
**പ്രവർത്തന കാലം**
ജൂൺ , ജൂലായ്, ആഗസ്റ്റ്
**ചുമതല**
SRG, ഭാഷാദ്ധ്യാപകർ
**സാമ്പത്തികം**
പി.ടി.എ,പഞ്ചായത്ത്

**3. ലക്ഷ്യം**
കുട്ടിയെ മികച്ച വായനക്കാരനും എഴുത്തുകാരനും ആക്കുക
**പ്രവർത്തനങ്ങൾ**
ക്ലാസ് ലൈബ്രറി, വായനക്കൂട്ടം, എഴുത്തുകൂട്ടം രൂപീകരണം, ശ്രാവ്യവായന, വായനക്കുറിപ്പ് തയ്യാറാക്കൽ , പിയർ ടീച്ചിംഗ്, സാഹിത്യ ശില്പശാലകൾ, ചുമർ പത്രികാ നിർമ്മാണം, മാഗസിൻ നിർമ്മാണം

**പ്രവർത്തന കാലം**

അധ്യയന വർഷം മുഴുവൻ

**ചുമതല**

SRG അദ്ധ്യാപകർ ലൈബ്രേറിയൻ

**സാമ്പത്തികം**

പിടിഎ,പഞ്ചായത്

**4. ലക്ഷ്യം**

സ്കൂൾ ഗ്രന്ഥശാല ശാക്തീകരണം

**പ്രവർത്തനങ്ങൾ**

ക്ലാസ് ലൈബ്രറി രൂപീകരണം, സ്കൂൾ ലൈബ്രറി നവീകരണം,
പുസ്തകങ്ങൾ തരംതിരിച്ച് കാറ്റലോഗ് തയ്യാറാക്കൽ, റീഡിംഗ് റൂം ഒരുക്കൽ,
മുഴുവൻ സമയ ലൈബ്രറിയൻ്റെ നിയമനം.

**പ്രവർത്തന കാലം**

അക്കാദമിക വർഷം മുഴുവൻ

**ചുമതല**

SRG, അദ്ധ്യാപകർ, PTA പബായത്ത്

**5. ലക്ഷ്യം**

കലാപരമായ കഴിവുകൾ കണ്ടെത്തി പോഷിപ്പിക്കൽ

**പ്രവർത്തനങ്ങൾ**

സഹവാസ ക്യാമ്പുകൾ,സർഗ്ഗവേള, ICT സാധ്യത ഉപയോഗിച്ച്
കലാരൂപങ്ങൾ പരിചയപ്പെടുത്തൽ, പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം
തയ്യാറാക്കൽ

**പ്രവർത്തന കാലം**

മാസത്തിൽ ഓരോ പ്രവർത്തനം വീതം

**ചുമതല**

SRG , അദ്ധാപകർ, പി.ടി.എ,BRC
ലോക്കൽ റിസോഴ്സ് പേർസൺസ്,JRC

**സാമ്പത്തികം**

പി.ടി.എ, പ്രഞ്ചായത്ത്

**6 .ലക്ഷ്യം**

സ്കൂൾ പത്രം തയ്യാറാക്കുക

**പ്രവർത്തനങ്ങൾ**

എഡിറ്റോറിയൽ ബോർഡ് രൂപീകരണം,

ചുമർപത്രം, സ്കൂൾ പത്രം തയ്യാറാക്കൽ, വാർത്താവായന

**ചുമതല**

SRG ,ഭാഷാദ്ധ്യാപകർ

**സാമ്പത്തികം**

പി.ടി.എ

**7. ലക്ഷ്യം**

കലാസാംസ്കാരിക കേന്ദ്രങ്ങളെ അടുത്തറിയുക

**പ്രവർത്തനങ്ങൾ**

പഠനയാത്ര, വിവരശേഖരണം, റിപ്പോർട്ട് തയ്യാറാക്കൽ,യാത്രാവിവരണം

**പ്രവർത്തന കാലം**

ജനുവരി

**ചുമതല**

വിദ്യാരംഗം കലാസാഹിത്യ വേദി, പി ടി എ

**സാമ്പത്തികം**

പി .ടി .എ

**ഉപമേഖല - ഇംഗ്ലീഷ്**

| OBJECTIVES | ACTIVITIES | DURATION | RESPONSIBILITY | FINANCE |
|---|---|---|---|---|
| To make all children able to get skill | Bridge courses to learn discourse. | Saturday after 4:30 | Teachers, PTA | PTA |
| Providing opportunities for expression in English | Cinema Documentary , Script etc. are to be prepared. | Along with classroom activities. | Teachers, SRG | English Club |
| To make pupils able to read. | Reading Competitions Word Cards Sentence making activities. | Academic year | Teachers | English Club, PTA |
| Dramatization | English Assembly Skit, Puppet show \| Classroom Activities | SRG, Teachers | PTA | PTA |
| Language Learning Grammar | Language games | Classroom Activities | Teachers | PTA, English club |
| To make the people able to write and enjoy poems | Audio video presentation,Recitation competition,Versification, Book reviews | Vacation, Saturday | Teachers, PTA, SRG | PTA, English club |
| ICT aided language class | Interviews of renowned writers and personalities | Once in every term | Teachers, SRG | PTA |
| Conducting interactive sessions \| \right arrow | Twice in an academic year | Conducting panel discussions and | Classroom Activity | Teachers, SRG |

| | | | | |
|---|---|---|---|---|
| Interactors with native English speaker | | Editor' room | | |

**<u>ഉപമേഖല – ഹിന്ദി</u>**

**ലക്ഷ്യം**

**1.** ദേശീയഭാഷ എന്ന നിലയിൽ ഹിന്ദി ഒഴുക്കോടെയും  ഉച്ചാരണ ശുദ്ധി യോടെയും വായിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക

**<u>പ്രവർത്തനങ്ങൾ</u>**

*വായനയിൽ പരിമിതി മനസ്സിലാക്കാനുള്ള ശ്രമം

*അക്ഷരങ്ങൾ ഉറപ്പിക്കാനുള്ള ശ്രമങ്ങൾ

* മാസത്തിലൊരിക്കൽ ഹിന്ദി അസംബ്ലി

**<u>കാലം</u>**

3 മാസം

**<u>ചുമതല</u>**

ഭാഷാ ധ്യാപകർ

**<u>പിന്തുണ</u>**

<u>PTA, SMC</u>

**2. ലക്ഷ്യം**

ഹിന്ദി ഭാഷ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

* ദിനം പ്രതി പുതിയ ഒരു ഹിന്ദി വാക്ക്

* വായനാ മത്സരങ്ങൾ

*ഹിന്ദി കൈയെഴുത്ത്.
* ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ

**കാലം**

1 വർഷം

**ചുമതല**

ഭാഷാധ്യാപകർ.

**പിന്തുണ**

PTA,SMC

**3. ലക്ഷ്യം**

ഹിന്ദിയുമായി ബന്ധപ്പെട്ട പ്രധാന ദിനങ്ങൾ ആഘോഷിക്കുന്നതിലൂടെ ഹിന്ദിയിൽ താല്പര്യം വർധിപ്പിക്കൽ.

**പ്രവർത്തനങ്ങൾ**

* ഹിന്ദി അസംബ്ലി
* ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ

**കാലം**

1 വർഷം

**4. ലക്ഷ്യം**

കുട്ടികളെ സ്കൂൾ കലോത്സവത്തിലെ ഹിന്ദി ഇനങ്ങൾക് സജ്ജമാക്കൽ. വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ.

**കാലം**

യഥാസമയം

**പിന്തുണ**

PTA, SMC

**ചുമതല**

ഭാഷാധ്യാപകർ

## <u>ഉപമേഖല – അറബി</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| അറബി അനായാസം വായിക്കാനും എഴുതാനുമു | * മുന്നറിവ് പരിശോധിക്കാൻ പ്രീ-ടെസ്റ്റ്<br>* അക്ഷരങ്ങളും | ജൂൺ | ഭാഷാധ്യാപകർ | SRG, PTA, SSA, DIET, SCERT |

| | | | | |
|---|---|---|---|---|
| ള്ള കഴിവ് വളർത്തിയെട ുക്കുക | ചിഹ്നങ്ങളും ഉറപ്പിക്കൽ<br>* എഴുത്ത് പരിശീലനം<br>* അറബി നിഘണ്ടുവിലെ പുതിയ വാക്കുകൾ പരിചയപ്പെടുത്തൽ | | | |
| വായനയിലൂടെ ഭാഷാ ശേഷി വർദ്ധിപ്പിക്കാൻ ക്ലാസ്സുകളിൽ സാഹചര്യമ ൊരുക്കൽ | *ക്ലാസ്സ്തല വായനാമത്സരം<br>* ക്ലാസ് ലൈബ്രറിയുടെയും സ്കൂൾ ലൈബ്രറിയുടെയും ഫലപ്രദമായ ഉപയോഗം<br>* വായനാകുറിപ്പ് തയ്യാറാക്കൽ<br>* അറബി പത്രവായന | 4 മാസം | ഭാഷാധ്യാപകർ, ലൈബ്രേറിയൻ | SRG, SMC, PTA |
| എഴുത്തിലൂടെ അറബി ഭാഷാശേഷി വികസിപ്പിക്കുക | * കൈയെഴുത്ത് മത്സരം<br>* ചുമർ പത്രിക ഒരുക്കൽ, പതിപ്പ് നിർമാണം | ഒരു വർഷം | ഭാഷാധ്യാപകർ | SRG |
| അറബി ഭാഷാ പഠനത്തിന് ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ | * അറബിക് ടൈപ്പിംഗ് പരിശീലനം<br>* CD, വീഡിയോ പ്രദർശനം * ലാംഗ്വേജ് ലാബ് ഫലപ്രദമായി ഉപയോഗിക്കൽ | ജൂൺ | ഭാഷാധ്യാപകർ | SRG, SITC, JSITC |
| ഡിസംബർ 18 - അറബി ഭാഷാദിനം സമുചിതമായ | * വിദഗ്ധരെ ഉൾപ്പെടുത്തിയുള്ള സെമിനാർ<br>* പുസ്തക പ്രദർശനം | ഡിസംബർ | ഭാഷാധ്യാപകർ, ലൈബ്രേറിയൻ | SRG, SMC, PTA, |

| | | | | |
|---|---|---|---|---|
| ി ആഘോഷി ക്കൽ | * പോസ്റ്റർ - വീഡിയോ പ്രദർശനം | | | |
| സരഗവാസന കളെട പരിപോഷണ ം * | * അറബി സാഹിതയ സമാചം, സദസ്. * അറബി കലാ സാഹിതയ മതരങ്ങളക് പരിശീലനം | യഥാവി ധി | ആരട്- മയസിക് അധയാപകര | SMC, PTA, |
| അറബിയിെല പിനാകകൊര മഖയധാര യിെലതികല | * അധികസമയ കാസ്, * േമാടിവഷന, പരിഹാരേബാധനം | ആഴ്ചയി ൽ രണ്ട് | മുഴുവൻ അധ്യാപകർ | SRG, SMC, PTA |

<u>ഉപമേഖല - </u>ഗണിതം

**ലക്ഷ്യങ്ങൾ**

എല്ലാ കുട്ടികളിലും ഗണിത ശാസ്ത്രത്തിൻറെ അടിസ്ഥാന ആശയങ്ങൾ എത്തിയെന്ന് ഉറപ്പുവരുത്തൽ , എല്ലാ കുട്ടികളിലും സംഖ്യാബോധം ഉറപ്പിക്കൽ

**പ്രവർത്തനങ്ങൾ**

പരിഹാര ബോധനത്തിനായി പഠനഗ്രൂപ്പ്, ബോധന സാമഗ്രികൾ തയ്യാറാക്കൽ, ആശയ ധാരണ ഉറപ്പിക്കൽ

Number Chart, Number Card, മാന്ത്രിക ചതുരം മുതലായവയുടെ നിർമാണവും അവ ഉപയോഗിച്ചുള്ള കളിയും

**പ്രവർത്തന കാലയളവ്**

ജൂൺ – ജൂലൈ

**ചുമതല**

ഗണിതാധ്യാപകർ

**സാമ്പത്തികം**

SRG

**ലക്ഷ്യം**

ഗണിത ക്ലബ് രൂപീകരണം,

**പ്രവർത്തനങ്ങൾ**

ഗണിത ക്ലബ് രൂപീകരണോൽഘാടനം ,ഗണിത ക്വിസ് ഗണിത സമസ്യകൾ ബുള്ളറ്റിൻ ബോർഡുകളിൽ , വിവിധ തരത്തിലുള്ള ചാർട്ടുകൾ, നിർമിതികൾ പ്രോജെക്റ്റുകൾ തയ്യാറാക്കൽ ,ഗണിത ശാസ്ത്രജ്ഞരെപരിചയപ്പെടൽ

**പ്രവർത്തന കാലയളവ്**

ജൂൺ - ജൂലൈ

**ചുമതല**

ഗണിതാധ്യാപകർ ,ഗണിത ക്ലബ്

**സാമ്പത്തികം**

SRG

**ലക്ഷ്യം**

ഗണിതആശയങ്ങളിൽനിന്നും ഉടലെടുക്കുന്നഗണിതരൂപങ്ങൾ,അളവുകൾ ഇവപരിചയപ്പെടൽ

**പ്രവർത്തനങ്ങൾ**

ക്ലബ്ബ്പ്രവർത്തനങ്ങൾസംഘടിപ്പിക്കുന്നു

**പ്രവർത്തന കാലയളവ്**

അക്കാദമികവർഷത്തിൽ ഒന്ന്

**ചുമതല**

ഗണിതാധ്യാപകർ ,ഗണിത ക്ലബ്

**സാമ്പത്തികം**

SRG

**ലക്ഷ്യങ്ങൾ**

മുന്നാക്കക്കാരുടെ ഉന്നമനത്തിന് തുടർപ്രവർത്തനം മെച്ചപ്പെടുത്തൽ

**പ്രവർത്തനങ്ങൾ**

OMR മാതൃകയിലുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കിയുള്ള പരീക്ഷകൾ

**പ്രവർത്തന കാലയളവ്**

മാസത്തിൽ ഒന്ന്

**ചുമതല**

ഗണിതാധ്യാപകർ ,ഗണിത ക്ലബ്

**ലക്ഷ്യം**

I CT യിലൂടെ ഗണിത പഠനം എളുപ്പമാക്കാൽ

**പ്രവർത്തനങ്ങൾ**

ഗണിതത്തിലെ ICT സാധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള പഠനം

**പ്രവർത്തന കാലയളവ്**

യഥാസമയങ്ങളിൽ

**ചുമതല**

ഗണിതാധ്യാപകർ

**സാമ്പത്തികം**

SRG

**ലക്ഷ്യങ്ങൾ**

ഗണിത മത്സരവേദിയിലേക്ക്.മേളകളിൽഊർജ്ജസ്വലതകൈവരിക്കൽ

**പ്രവർത്തനങ്ങൾ**

ഗണിത രൂപങ്ങളുടെ നിർമിതികൾ ,കുട്ടികളുടെ സൃഷ്ടികൾ,ഗണിത ക്ലബ്ബിന്റെപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ , മത്സരങ്ങൾക്ക്പ്രാപ്തരാക്കൽ

**പ്രവർത്തന കാലയളവ്**

മാസത്തിൽ ഒന്ന്

**ചുമതല**

ഗണിതാധ്യാപകർ

**സാമ്പത്തികം**

SRG

**ലക്ഷ്യം**

രക്ഷിതാക്കളെ ബോധവൽക്കരിക്കൽ

**പ്രവർത്തനങ്ങൾ**

ക്ളാസ് പിടിഎ നടത്തുന്നു

**പ്രവർത്തന കാലയളവ്**

യഥാസമയങ്ങളിൽ

**ചുമതല**

ഗണിതാധ്യാപകർ

**സാമ്പത്തികം**

SRG

## <u>മേഖല - ശാസ്ത്രം</u>

**<u>ലക്ഷ്യങ്ങൾ</u>**

1. പാഠ്യപദ്ധതി ലക്ഷ്യമിടുന്ന അറിവും കഴിവും ഉള്ളവരാക്കി എല്ലാ കുട്ടികളെയും മാറ്റുക
2. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ആശയതലവും പ്രായോഗികതലവും തിരിച്ചറിഞ്ഞ് അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരിക്കുക.
3. കുട്ടികളിലെയും ചെറുപ്പക്കാരിലെയും അക്രമവാസനയും ലഹരിയോടുള്ള താല്പര്യവും ഇല്ലാതാക്കുന്നതിനായി ''ബാല്യത്തിനും യൗവനത്തിനും ഒപ്പം'' എന്ന ക്യാമ്പയിൻ സ്കൂളിൽ നടപ്പാക്കുക
4. വിജ്ഞാന സമൂഹ സൃഷ്ടിക്ക് അനുഗുണമായ രീതിയിൽ വിദ്യാഭ്യാസ രംഗത്തെ പരിവർത്തിപ്പിക്കുക.
5. ശാസ്ത്രാവബോധമുള്ള കുട്ടികളാക്കി എല്ലാവരെയും വളർത്തിയെടുക്കുക .
6. ഓരോ കുട്ടിയെയും പരിഗണിക്കുകയും അംഗീകരിക്കുകയും വിവേചനരഹിതമായി പെരുമാറുകയും അതോടൊപ്പം തന്നെ അവസരതുല്യതയും അനുയോജ്യമായ വിദ്യാഭ്യാസവും ഉറപ്പുവരുത്തുക .

**<u>ഉപമേഖല - ഭൗതിക ശാസ്ത്രം</u>**

**<u>പ്രവർത്തനങ്ങൾ</u>**

**ജൂൺ**

അൾട്രാസോണിക് തരംഗങ്ങളും അവയുടെ ഉപയോഗവും - സെമിനാർ

പെരിസ്കോപ്പ് നിർമ്മാണം

**ജൂലൈ**

റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി നടപ്പിലാക്കിയിട്ടുള്ള സുരക്ഷാസംവിധാനങ്ങൾ - പ്രോജക്ട് തയ്യാറാക്കൽ

**ആഗസ്റ്റ്**

മഴയും മർദ്ദവും- പ്രോജക്ട് തയാറാക്കൽ

കണ്ണിനുണ്ടാകുന്ന വൈകല്യങ്ങളും കണ്ണടയും ഉപയോഗവും- വിവരശേഖരണം

NEWTON COLOUR DISC നിർമ്മാണം

**സെപ്റ്റംബർ**

ഉപയോഗശൂന്യമായ ലൗഡ് സ്പീക്കർ പൊളിച്ച് ഭാഗങ്ങൾ പ്രദർശിപ്പിക്കൽ - ലേബൽ ചെയ്യൽ

സൗരയൂഥത്തിന്റെ നിശ്ചല മാതൃക നിർമ്മാണം

**ഒക്ടോബർ**

ലാക്ടോമീറ്റർ ഉപയോഗിച്ച് കുട്ടികളുടെ വീടുകളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ അപേക്ഷിക

സാന്ദ്രത താരതമ്യം ചെയ്യൽ

**നവംബർ**

ഊർജ്ജ സംരക്ഷണം- സെമിനാർ

**ഡിസംബർ**

3v ന്റെ 3 LED കൾ ,9 v ബാറ്ററി ഉപയോഗിച്ച് പ്രകാശിപ്പിക്കുന്നതിന്റെ സർക്കീട്ട് ഡയഗ്രം വരച്ച് സർക്കീട്ട് നിർമ്മിച്ച് പ്രവർത്തിപ്പിക്കൽ

**ജനുവരി**

ശബ്ദം മലിനീകരണത്തിന്റെ ദോഷങ്ങൾ- പോസ്റ്റർ നിർമ്മാണം

**<u>വിഷയം- രസതന്ത്രം</u>**

**പ്രവർത്തനങ്ങൾ**

**ജൂൺ**

ലാബ് സജ്ജീകരിക്കുന്നു.

ഹൈഡ്രോ കാർബണുകളുടെ Ball and stick മാതൃക നിർമ്മാണം

**ജൂലൈ**

പോളിമറുകൾ നിത്യജീവിതത്തിൽ - സെമിനാർ

ശാസ്ത്ര മാസിക നിർമ്മാണം- മൂലക വർഗീകരണവുമായി ബന്ധപ്പെട്ട ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രകുറിപ്പ്

എഥനോൾ ഒരു ബിവറേജ് ആയി ഉപയോഗിക്കുമ്പോൾ മനുഷ്യ ശരീരത്തിന് ഉണ്ടാകുന്ന ദോഷങ്ങളും സാമൂഹിക പ്രശ്നങ്ങളും- ഉപന്യാസ രചന

ഓർഗാനിക്ക് സംയുക്തങ്ങളും അവയുടെ നിത്യജീവിതത്തിലെ പ്രാധാന്യവും- പ്രൊജക്റ്റ് അവതരണം

**ആഗസ്റ്റ്**

F ബ്ലോക്ക് മൂലകങ്ങളെ ഉപയോഗപ്പെടുത്തു മേഖലകൾ- കുറിപ്പ് തയ്യാറാക്കൽ

**സെപ്റ്റംബർ**

രാസപ്രവർത്തന വേഗത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ വ്യക്തമാക്കുന്ന പരീക്ഷണങ്ങൾ

**ഒക്ടോബർ**

ആരോഗ്യകരമായ ഒരു ഭക്ഷണ സംസ്കാരം വളർത്തിയെടുക്കാൻ ആഹ്വാനം ചെയ്യുന്ന ഒരു സ്ക്രിപ്റ്റ് തയ്യാറാക്കി നാടകം അവതരിപ്പിക്കൽ - ഭക്ഷ്യസുരക്ഷ

**നവംബർ**

രാസവള നിർമ്മാണശാല സന്ദർശനം- പഠന റിപ്പോർട്ട് തയ്യാറാക്കൽ

**ഡിസംബർ**

ആഗോള താപനവും കാലാവസ്ഥ വ്യതിയാനവും- സെമിനാർ

**<u>വിഷയം-ജീവശാസ്ത്രം</u>**

**<u>ലക്ഷ്യം</u>**

**1. അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ,നേരറിവ് നേടൽ**

**പ്രവർത്തനങ്ങൾ**

1 തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ

2 ഉള്ള സൗകര്യത്തിൽ ഔഷധതോട്ടവും പച്ചക്കറിതോട്ടവും നിർമ്മിക്കൽ (ജൈവവൈവിധ്യ പാർക്ക്)

3 സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ്

4 പുതുപുത്തൻ ശാസ്ത്ര സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തൽ

**കാലയളവ്**

അക്കാദമിക വർഷം

**ചുമതല**

ആരോഗ്യ ക്ലബ്

ഹരിത ക്ലബ്സിമെൻ ശേഖരണം

സയൻസ് ക്ലബ്

**സാമ്പത്തികം**

പി ടി എ, കൃഷി വകുപ്പ്

**2. ആയുർ രേഖ**

**ലക്ഷ്യം**
പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക
**പ്രവർത്തനം**
കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു
**കാലയളവ്**
അക്കാദമിക വർഷം
**സാമ്പത്തികം**
പിടിഎ

**3. ശാസ്ത്രപഠനത്തിന് നൂതന ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ (ICT സാധ്യതകൾ)**

**പ്രവർത്തനങ്ങൾ**
പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ,വീഡിയോകൾ ,ആനിമേഷനുകൾ,വെർച്വൽ പരീക്ഷണങ്ങൾ എന്നിവ ശേഖരിച്ച് എഡിറ്റ് ചെയ്ത് സ്മാർട്ട്സംവിധാനങ്ങളുപയോഗിച്ച് പ്രദർശിപ്പിക്കുന്നു.
**കാലയളവ്**
അക്കാദമിക വർഷം
**ചുമതല**
ശാസ്ത്ര ക്ലബ്
ലിറ്റിൽ കൈറ്റ് ക്ലബ്

4 ശാസ്ത്ര പഠനം രസകരവും താത്പര്യം ജനിപ്പിക്കുന്നതും ചിന്തോദ്ദീപകവും ആക്കുന്നതിനുവേണ്ടി.

**പ്രവർത്തനങ്ങൾ**
ശാസ്ത്ര ദിനാചരണങ്ങൾ,സ്പെസിമെൻ ശേഖരണം,നിർമ്മാണം,ശാസ്ത്ര പതിപ്പുകൾ,കൊളാഷ്,ചാർട്ട് ചിത്രീകരണം,ശാസ്ത്ര പഠനയാത്രകൾ,ഗവേഷണ സ്ഥാപനങ്ങൾ സന്ദർശനം
**കാലയളവ്**
അക്കാദമിക വർഷം,രണ്ടാം ടേം
**ചുമതല**

ശാസ്ത്രാധ്യാപകർ,സയൻസ് ക്ലബ്
**സാമ്പത്തികം**
പിടിഎ

**5. സ്കൂൾ ശാസ്ത്രലാബ് നവീകരണം.**

**പ്രവർത്തനങ്ങൾ**
വിവിധമോഡലുകൾ,ഉപകരണങ്ങൾ,ചാർട്ടുകൾ,മാതൃകകൾ എന്നിവ തരംതിരിച്ച് ക്രമീകരിക്കൽ
ഇരിപ്പിടം,വെളിച്ചം,വെള്ളം,സുരക്ഷസംവിധാനങ്ങൾ എന്നിവ സജ്ജമാക്കൽ.
**കാലയളവ്**
ഒന്നാം ടേം
**ചുമതല**
സയൻസ് ക്ലബ്
**സാമ്പത്തികം**
പിടിഎ

**6. മാലിന്യമുക്ത ആരോഗ്യ ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം**
**പ്രവർത്തനം**
പരിസര ശുചിത്വം,ബോധവത്കരണം,കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവത്കരണ ക്ലാസ്,വൈദ്യപരിശോധന,ജീവിതശൈലിയുമായി ബന്ധപ്പെട്ട ക്ലാസ്,ആരോഗ്യസർവ്വെ.
**കാലയളവ്**
രണ്ടാം ടേം
**ചുമതല**
ആരോഗ്യ വകുപ്പ്,JRC,ഹെൽത്ത് ക്ലബ്,സയൻസ് ക്ലബ്

**7. സമൂഹത്തിൽ വാക്സിനേഷനോടുള്ള വിമുഖത ഇല്ലാതാക്കുകയും അതുവഴി ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ**

**പ്രവർത്തനം**

രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവത്കരണ ക്ലാസ്.സെമിനാർ അവതരണം.
**ചുമതല**

PHC,ഹെൽത്ത് ക്ലബ്,സയൻസ് ക്ലബ്
**സാമ്പത്തികം**
PTA

## <u>ഉപമേഖല - സാമൂഹ്യ ശാസ്ത്രം</u>

### 1. <u>സംയോജനം</u>

**ലക്ഷ്യം**

ചരിത്രത്തെ കുറിച്ചും ഭൂമിശാസ്ത്രത്തെ കുറിച്ചുമുള്ള അടിസ്ഥാന ആശയങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കുക.

**പ്രവർത്തനം**

കുട്ടിയെ പുതിയ പാഠഭാഗങ്ങളിലേക്ക് കടക്കുന്നതിന് മുമ്പ് മുൻ ക്ലാസുകളിലെ പ്രധാനപ്പെട്ട ഭാഗങ്ങൾ ഒന്നുകൂടി മനസ്സിലാക്കുന്നതിനും ധാരണ രൂപീകരിക്കുന്നതിനുമുള്ള പഠന പരിപോഷണ പരിപാടി.
ചരിത്രത്തെ കുറിച്ചും ഭൂമിശാസ്ത്രത്തെ കുറിച്ചുമുള്ള അടിസ്ഥാന ആശയങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കുന്നു.
ഗ്ലോബുകൾ, ചാർട്ടുകൾ, വീഡിയോ, ചർച്ച മുതലായ രീതികളെല്ലാം ഇതിനായി ഉപയോഗിക്കുന്നു.

**പ്രവർത്തന കാലയളവ്**

അധ്യയന വർഷത്തിന്റെ ആരംഭത്തിൽ ( 2 ആഴ്ച)

**നിർവഹണചുമതല**

സോഷ്യൽസയൻസ് അധ്യാപകൻ

### 2. സാമൂഹ്യശാസ്ത്ര ലാബ്

**ലക്ഷ്യം**

സാമൂഹ്യശാസ്ത്ര പഠനത്തിന് ആവശ്യമായ വിഭവങ്ങൾ ശേഖരിക്കുന്നതിനും ഉപയോഗിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക. അന്വേഷണാത്മകത വളർത്തുക.

**പ്രവർത്തനം**

സ്കൂൾ കെട്ടിടത്തിന്റെ ഒരു മുറി സാമൂഹ്യ ശാസ്ത്ര ലാബിന് വേണ്ടി തയ്യാറാക്കി വെക്കുന്നു.
മുഴുവൻ ക്ലാസിലും സാമൂഹികശാസ്ത്ര ലാബിലേക്കുള്ള സാധനങ്ങളുടെ ലിസ്റ്റ് ചർച്ച ചെയ്ത ശേഷം കുട്ടികൾ ലാബ് സജ്ജീകരിക്കുന്നതിനാവശ്യമായ നാണയശേഖരം സ്റ്റാമ്പ് ശേഖരണം പഴയകാല ഉപകരണങ്ങൾ മണ്ണിനങ്ങൾ വിവിധ ധാന്യങ്ങൾ മുതലായവ സ്കൂളിലെത്തിച്ച് ലാബ് സജ്ജീകരിക്കുന്നു.

ഗ്ലോബ്, ഭൂപടങ്ങൾ, മിനിയേച്ചർ_രൂപങ്ങൾ മുതലായവ തയ്യാറാക്കുന്നു.
കുട്ടികൾ കൊണ്ടുവന്ന സാമഗ്രികളിൽ അവരവരുടെ പേര്, ക്ലാസ് എന്നിവ എഴുതി പട്ടികപ്പെടുത്തിവെയ്ക്കുന്നു.

**പ്രവർത്തന കാലയളവ്**

അധ്യയന വർഷം മുഴവൻ

**നിർവഹണചുമതല**

സോഷ്യൽസയൻസ് അധ്യാപകൻ, കുട്ടികൾ, സുമനസ്സുകൾ

**3. <u>'മിഴി' വിദ്യാർത്ഥിനിസഭ</u>**

**ലക്ഷ്യം**

ചരിത്രത്തിലിടം നേടിയ വ്യത്യസ്ത കർമ്മമണ്ഡലങ്ങളിലുണ്ടായിരുന്ന സ്ത്രീകൾ വഹിച്ച പങ്ക് കുട്ടികളിൽ എത്തിക്കുന്നതിന് . പെൺകുട്ടികളിൽ അഭിമാനബോധം വളർത്തുന്നതിനും അവരെ കർമ്മോത്സവരാക്കുന്നതിനും.

**പ്രവർത്തനം**

ഓരോ ക്ലാസിൽ നിന്നും അഞ്ചു വീതം കുട്ടികളെ തിരഞ്ഞെടുത്തു കൊണ്ട് 'മിഴി' എന്ന പേരിൽ വിദ്യാർത്ഥിനി സഭ രൂപീകരിക്കുന്നു.
ലോക ചരിത്രത്തിൽ വ്യത്യസ്ത മേഖലകളിൽ കർമ്മപഥത്തിലുമുണ്ടായിരുന്ന സ്ത്രീകളുടെ പേര് , ഫോട്ടോ , കുറിപ്പുകൾ, ചരിത്രപശ്ചാത്തലം മുതലായവ സഭയിൽ ചർച്ച ചെയ്യുന്നു.
ക്ലാസ് പ്രതിനിധികളിൽ നിന്ന് ഒരാൾ വീതം അതത് ക്ലാസുകളിൽ വിഷയം അവതരിപ്പിക്കുന്നു.
കുട്ടികളുടെ പ്രതികരണങ്ങൾ തേടുന്നു.
ക്ലാസ് തല ചർച്ച സംഘടിപ്പിക്കുന്നു.
കൂടുതൽ മികവ് പുലർത്തുന്ന കുട്ടികളെ 'മിഴി'യിൽ ഉൾപ്പെടുത്തുന്നു.
രണ്ടാഴ്ചയിൽ ഒരിക്കൽ സഭ സമ്മേളിച്ച് വിഷയം തിരഞ്ഞെടുക്കുന്നു.

**പ്രവർത്തന കാലയളവ്**

ജൂലൈ മുതൽ നവംബർ വരെ.

**നിർവഹണ ചുമതല**

സോഷ്യൽ സയൻസ് അധ്യാപകൻ, കുട്ടികൾ.

## 4. പത്രവാർത്താ ക്വിസ്

**ലക്ഷ്യം**

എല്ലാ കുട്ടികളിലും പത്രവായനാ ശീലം ഉറപ്പാക്കൽ

**പ്രവർത്തനം**

എല്ലാ വെള്ളിയാഴ്ച്ചയും ആ ആഴ്ച യിലെ പത്രവാർത്തകളെ അടിസ്ഥാന മാക്കി ക്വിസ് മത്സരം.

**പ്രവർത്തന കാലയളവ്**

ജൂൺ മുതൽ നവംബർ വരെ

## 5. ഭരണഘടനയെ പരിചയപ്പെടുത്തൽ

**ലക്ഷ്യം**

ഭരണഘടനാ മൂല്യങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കുക. ജനാധിപത്യം, മൂല്യബോധം, പൗരബോധം, ഇവ വളർത്തിയെടുക്കുക.

**പ്രവർത്തനം**

ഇന്ത്യൻഭരണഘടന മൂല്യങ്ങൾ അധ്യാപകൻ ക്ലാസിൽ വിവരിക്കുന്നു.
ഇന്നത്തെസാഹചര്യത്തിൽ ഇന്ത്യൻ ഭരണഘടനയുടെ പ്രസക്തി കുട്ടികൾക്കിടയിൽ ചർച്ച ചെയ്യുന്നു.
നവംബർ 26 നിയമദിനത്തിൽ ഇന്ത്യൻ ഭരണഘടനയെ കുറിച്ചും അതിന്റെ പ്രസക്തിയെക്കുറിച്ചും ഒരു നിയമവിദഗ്ധന്റെ ക്ലാസ് .

**പ്രവർത്തന കാലയളവ്**

നവംബർ

**നിർവഹണ ചുമതല**

സോഷ്യൽ സയൻസ് അധ്യാ**പകൻ**

## 6. പൊതുസ്ഥാപനസന്ദർശനം

**ലക്ഷ്യം**

പൊതു സ്ഥാപന എന്നിവയെക്കുറിച്ച് ധാരണ വളർത്തൽ

**പ്രവർത്തനം**

പൊതുസ്ഥാപനങ്ങളായ പഞ്ചായത്ത്, ഗവൺമെൻറ് ആശുപത്രി, കൃഷിഭവൻ മുതലായവ സന്ദർശിച്ച് പൊതു സ്ഥാപനങ്ങളുടെ പ്രവർത്തനം, പ്രത്യേകതകൾ എന്നിവ മനസ്സിലാക്കി കൊടുക്കുന്നു.
പൊതുമുതൽ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കുന്നു

**പ്രവർത്തന കാലയളവ്**

നവംബർ/ഡിസംബർ

**നിർവഹണ ചുമതല**

സോഷ്യൽ സയൻസ് അധ്യാ**പകൻ, പി ടി എ**

യു പി വിഭാഗം

**മേഖല അക്കാദമികം ഉപമേഖല മലയാളം**

- **ലക്ഷ്യം**

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

**പ്രവർത്തനങ്ങൾ**

പ്രീ ടെസ്റ്റ്, അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ, ചിത്രം നൽകി കഥ പറയൽ.

**കാലം**

ജൂൺ ജൂലൈ ആഗസ്റ്റ്

**ചുമതല**

ഭാഷാ അധ്യാപകൻ

**സാമ്പത്തിക പിന്തുണ**

എസ് ആർ ജി, പി ടി എ

- **ലക്ഷ്യം**

കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക വായനയുടെ വിവിധ തലങ്ങൾ കണ്ടെത്തി

പരിശീലിപ്പിക്കുക വായന സാമഗ്രികൾ കണ്ടെത്തുക

**പ്രവർത്തനം**

ക്ലാസ് ലൈബ്രറി ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ ചുമർപത്രിക തയ്യാറാക്കൽ വായനോത്സവം സംഘടിപ്പിക്കാൻ സാഹിത്യകാരന്മാർ സാഹിത്യ ശാഖകൾ എന്നിവ പരിചയപ്പെടുത്തൽ

**കാലം**

ഒരു വർഷം

**ചുമതല.**

ഭാഷാ അധ്യാപകൻ വിദ്യാരംഗം കലാസാഹിത്യ വേദി

സ്കൂൾ ലൈബ്രറി

**സാമ്പത്തികം /പിന്തുണ**

എസ്. ആർ ജി,പിടിഎ

- **ലക്ഷ്യം**

കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക

**പ്രവർത്തനം**

എഴുത്തുകൂട്ടം രൂപീകരിക്കുകചുമർ പത്രിക ഒരുക്കുക കഥാരചന കവിത രചന

ക്യാമ്പുകൾ നടത്തുക രചന ശില്പശാല നടത്തുക

**കാലം**

ഒരു വർഷം

**ചുമതല**

ഭാഷാധ്യാപകൻ

ലൈബ്രേറിയൻ

വിദ്യാരംഗം കലാസാഹിത്യവേദി

**പിന്തുണ/ സാമ്പത്തികം**

പിടിഎ,എസ് ആർ ജി,എസ് എം സി

**ലക്ഷ്യം**

സർഗ്ഗശേഷികൾ കണ്ടെത്തലും വികസിപ്പിക്കലും

**പ്രവർത്തനം**

വിദ്യാരംഗം കലാസാഹിത്യ വേദി രൂപീകരണം

ക്ലാസ് സഭ,ബാലസഭ, സ്കൂൾ സഭ രൂപീകരണം

സിഡി, വീഡിയോ പ്രദർശനം

ഭിന്നശേഷിക്കാർക്കായി പ്രത്യേക സഭ

**കാലം**

ഒരു വർഷം

**ചുമതല**

ഭാഷാ അധ്യാപകൻ

**പിന്തുണ /സാമ്പത്തികം**

എസ് ആർ ജി,പിടിഎ,എസ് എം സി

- **ലക്ഷ്യം**

രചനകൾ ആശയങ്ങൾ എന്നിവ വിവിധ മാധ്യമങ്ങളിലൂടെ പ്രകടിപ്പിക്കാൻ അവസരം ഒരുക്കുക

**പ്രവർത്തനം**

പത്ര ക്വിസ് ( പ്രതിദിനം ഒരു ചോദ്യം)

രചനകൾ ക്ലാസ് മാഗസിൻ സ്കൂൾ ബ്ലോഗ് ചുമർ പത്രിക എന്നിവയിലൂടെ പ്രകടിപ്പിക്കൽ

**കാലം**

ഒരു വർഷംചുമതല

ഭാഷാ അധ്യാപകൻ

**പിന്തുണ /സാമ്പത്തികം**

എസ്.ആർ ജി,എസ് എം സി,പി ടി എ.

**മേഖല: അക്കാദമികം ഉപമേഖല : അറബിക്**

◆ **ലക്ഷ്യം**

അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക.
ഭാഷയിലെ ഒരേപോലെയുള്ള അക്ഷരങ്ങൾ
ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ
സാധിക്കുക.

**പ്രവർത്തനങ്ങൾ**

കൈത്താങ്ങ്
ടെസ്റ്റ് നടത്തി ഭാഷപഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തുന്നു
അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. സ്കൂളിലെ സ്മാർട്ട് റൂമുകൾ ഉപയോഗിച്ച്
ഗെയിമുകൾ, ഫ്ലാഷ് കാർഡുകൾ, നിറം നൽകാൻ പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു. ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും
അവർക്ക് ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും
പരിപോഷിപ്പിക്കുകയും ചെയ്യൽ.

**കാലയളവ്**

ജൂൺ, ജൂലൈ, ഓഗസ്റ്റ്

**ചുമതല**

A.T

**സാമ്പത്തികം**

SSK,PTA

◆ **ലക്ഷ്യം**

അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക.
• പദസമ്പത്ത് അധികരിപ്പിക്കുക

**പ്രവർത്തനങ്ങൾ**

ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ
അഞ്ച് വാക്കുകൾ കഥാ കവിതാ പുസ്തകങ്ങളിൽ നിന്നോ പ്രൊജക്ടർ സ്ക്രീനിൽ കഥ,കവിത എന്നിവ കാണിച്ചോ ശേഖരിക്കുവാൻ സാഹചര്യമൊരുക്കുന്നു. ലഘു
സംഭാഷണങ്ങൾ. പാഠഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം, കൂടുതൽപ്രവർത്തനങ്ങളിൽ പങ്കാളികളായവർക്ക് സമ്മാനം നൽകുന്നു.

സാധാരണദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും ചെയ്യുന്നു

**കാലയളവ്**

ജൂൺ മുതൽ മാർച്ച് വരെ

**ചുമതല**

A.T

**സാമ്പത്തികം**

PTA

- **ലക്ഷ്യം**

ഓരോ മാസവും കുട്ടികൾ വായനാ തൽപരരാവുകയും ഭാഷ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക

**പ്രവർത്തനങ്ങൾ**

മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാമത്സരം, കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു. പ്രൊജക്റ്റർ ഉപയോഗിച്ച് മാസത്തിലെ അവസാന പിരിയഡിൽ പാഠപുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ, പൊതുവിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു

**കാലയളവ്**

ജൂൺ മുതൽ മാർച്ച് വരെ

**ചുമതല**

A.T

**സാമ്പത്തികം**

PTA

- **ലക്ഷ്യം**

അറബി ഭാഷാ ആശയങ്ങളും പദങ്ങളുടെ അർത്ഥങ്ങളും കുട്ടികളിലേക്ക് എത്തുക

**പ്രവർത്തനങ്ങൾ**

യൂണിറ്റ് തല നിഘണ്ടു നിർമാണം

ഒരോ യൂണിറ്റ് തലത്തിൽ വാക്കുകൾ അർത്ഥ സഹിതം എഴുതുകയും അവസാനം

പിഡി എഫ് ചെയ്ത് കുട്ടികൾക്ക് നൽകുന്നു

**കാലയളവ്**

6 മാസം

**ചുമതല**

A.T

**സാമ്പത്തികം**

PTA ലക്ഷ്യം

ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും

ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.

**പ്രവർത്തനം**

വായനാവസന്തം

വായന മത്സരം

**കാലയളവ്**

ജൂൺ മുതൽ മാർച്ച് വരെ

**ചുമതല**

A.T

**സാമ്പത്തികം**

PTA

**ലക്ഷ്യം**

വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക

**പ്രവർത്തനം**

എഴുത്തുത്സവം

പതിപ്പുകളുടെ നിർമാണം

ചുമർ പത്രങ്ങൾ പോസ്റ്ററുകൾ

ഭാഷാ കളികൾ

**കാലയളവ്**

ജൂൺ മുതൽ മാർച്ച് വരെ

**ചുമതല**

A.T

**സാമ്പത്തികം**

PTA

**ലക്ഷ്യം**

വ്യത്യസ്ത ദിനങ്ങളെക്കുറിച്ചു ബോധവൽക്കരണംപ്രവർത്തനം

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം

സംഘടിപ്പിക്കുകയുംചെയ്യുക.പ്രതിഭകളെ കണ്ടെത്തുവാനായി മാസത്തിലൊരിക്കൽ

അറബിക് ബാലസഭ നടത്തുന്നു.

**കാലയളവ്**

ജൂൺ മുതൽ മാർച്ച് വരെ

**ചുമതല**

A.T

**സാമ്പത്തികം**

PTA

മേഖല : അക്കാദേികം ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്പവർത്തനങ്ങൾ | കാലദദർഘ്യം | ക്ലാസ്സ് | ചേുതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കടെത്താൻ പ്പീ ടെസ്റ്റ് നെത്തുന്നു. | ജൂൺ ആദയവാരം | 5,6,7 | ഹിന്ദി അധ്യാപകർ | എലലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗോയി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനേിയം നെത്താനുുള്ള മശഷി വർധ്ിപ്പിക്കൽ . CWSN,,SLOW LEARNERS കുട്ടികൾക്ക് മവെ അധ്ിക പിന്തുണ ഉറപ്പാക്കൽ |

| | | | | | |
|---|---|---|---|---|---|
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാമപാഷിണി പ്പവർത്തനങ്ങൾ . പരീേതികൾ പരിഹരിക്കുന്നതിനുള്ള പ്പവർത്തന പാമക്കജ് തയ്യാറാക്കുന്നു .CWSN,SLOW LEARNER കുട്ടികടെ വിലയിരുത്തി അവരുടെ കഴിവിടനയും ോനസികാവസ്ഥയും കണക്കിടലെുത്തുടകൊ് നെത്താവുന്ന പ്പവർത്തനപാമക്കജ് . | ജൂൺ ര ൊം വാ രം | 5,6,7 | ഹിന്ദി അധ്യാപകർ , േറ്റു ഭാഷാധ്യാപകർ | |
| 3 | ഓമരാ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക , ദദനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക ., ഹിന്ദിയിൽ എണ്ണം ,ആഴ്ച ,ോസം , എന്നിവയുടെ ദദനംദിന അവതരണം | പ്പതി ദിനം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 4 | CWSN,SLOW LEARNERS കുട്ടികൾക്കായി പ്പമതയകം പസിലുകൾ , ഐസിി ുഖാന്തിരം പലവർണ്ണങ്ങിൽ ആകർഷകോയി അക്ഷരോല അവതരണം | ആഴ്ചയിൽ ഒരുപ്പാവശയം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ , ജീവനികൾ , ആത്മകഥകൾ , കവിതകൾ , കഥകൾ എന്നിവ വായിപ്പിക്കുക . | ആഴ്ചയിൽ ഒരുപ്പാവശയം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദിയിൽ ടചറിയ പ്പസംഗങ്ങൾ പരിശീലിപ്പിക്കുക , ഹിന്ദി അസംബ്ലി നെത്തുക . | ദിനാചരണവുോയി | 5,6,7 | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | ബന്ധ ടപ്പട്ട് | | | |
| 7 | കുട്ടികടെടക്കൊ് ഹിന്ദി പപ്തിക തയ്യാറാക്കുക . | ജനു വരി | 5,6 ,7 | ഹിന്ദി അധ്യാപ കർ | |
| 8 | പാഠഭാഗവുോയി ബന്ധടപ്പട്ട ഓഡിമയാ മകൾപ്പിക്കുക , ഹിന്ദിയിൽ സംസാരിക്കാൻ മപ്പാത്സാഹിപ്പിക്കുക . | പ്പതി ദിനം | 5,6 ,7 | ഹിന്ദി അധ്യാപ കർ | |
| 9 | ഹിന്ദി അന്തരീക്ഷവുോയി ബന്ധടപ്പൊനുള്ള അവസരം<br>• ഹിന്ദി മഡാകയുടേന്ററി , സിനേി കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 ോസം | 5,6 ,7 | ഹിന്ദി അധ്യാപ കർ , ക്ലാസ്സ് അധ്യാപ കർ , േറ്റു അധ്യാപ കർ | |
| 10 | • കുട്ടികൾക്ക് ോനസിമകാലല ാസം നിലനിർത്തിടകൊ് AI ഉപമയാഗിച്ച് ഭാഷടയ ഉൾടക്കാള്ളാനും ഭാഷാപഠനം എൈുപ്പത്തിലാക്കാനും ഉള്ള പ്പവർത്തനപാമക്കജുകൾ | 6 ോസം | 5,6 ,7 | ഹിന്ദി അധ്യാപ കർ , ക്ലാസ്സ് അധ്യാപ കർ , േറ്റു അധ്യാപ കർ | |

**മേഖല : അക്കാദമികം ഉപമേഖല : ശാസ്ത്രപഠനം - UP-**

- **ലക്ഷ്യം**

അനുഭവാധിഷ്ഠിത പഠനത്തിന് അവസരമൊരുക്കൽ

**പ്രവർത്തനങ്ങൾ**

• ലാബ് സജ്ജീകരിക്കുന്നു..
ലാബ് സാമഗ്രികൾ, രാസവസ്തുക്കൾ എന്നിവ പട്ടികയാക്കി പ്രദർശിപ്പിക്കുന്നു.സജ്ജീകരിക്കുന്നു,മൈക്രോസ്കോപ്പ് പ്രവർത്തന സജ്ജമാക്കുന്നു.

• കുട്ടികളുടെ പങ്കാളിത്തത്തോടെ
പരീക്ഷണ സാമഗ്രികൾ ശേഖരിക്കുന്നു.

• ഇംപ്രൊവൈസ്ഡ് ഉപകരണങ്ങൾ നിർമ്മിക്കുന്ന

• പഠന യാത്രകൾ നടത്തുന്നു.

**കാലയളവ്**

ജൂൺ, ജൂലൈ, അഗസ്റ്റ്

**ചുമതല**

H.M,SRG,വിഷയാധ്യാപകർ

**സാമ്പത്തികം**

SSK,PTA 2000

- **ലക്ഷ്യം**

അറിവ് നിർമ്മാണത്തിന് അവസരമൊരുക്കൽ

**പ്രവർത്തനങ്ങൾ**

• ശാസ്ത്ര പഠനവുമായിബന്ധപ്പെട്ട മോഡലുകൾ നിർമ്മിക്കുന്നു. പ്രദർശിപ്പിക്കുന്നു.

• PHC കളിൽനിന്ന് ലഭിക്കുന്ന പോസ്റ്റ റുകളുടെ ശേഖരണം, പ്രദർശനം

• ട്രാഫിക് നിയമങ്ങളുടെ പോസ്റ്ററുകൾ ശേഖരിക്കൽ

**കാലയളവ്**

സെപ്റ്റംബർ, ഒക്ടോബർ

**ചുമതല**

SRG, WE അധ്യാപകൻ ,വിഷയാധ്യാപകർ

**സാമ്പത്തികം**

SSK,PTA\

- **ലക്ഷ്യം**

ഉൾച്ചേർന്ന വിദ്യാഭ്യാസം പ്രാവർത്തികമാക്കൽ

**പ്രവർത്തനങ്ങൾ**

• വിവിധജീവികൾ, സസ്യങ്ങൾ എന്നിവയുടെ ആകർഷകമായ ചിത്രങ്ങൾ ശേഖരിക്കൽ, പ്രദർശിപ്പിക്കൽ

• വിവിധതരം ശേഖരണങ്ങൾ (ഇലകൾ, വിത്തുകൾ, കാന്തങ്ങൾ, വേരുകൾ

**കാലയളവ്**

നവംബർ, ഡിസംബർ

**ചുമതല**

SRG, WE അധ്യാപകൻ ,വിഷയാധ്യാപകർ

**സാമ്പത്തികം**

SSK,PTA

◆ **ലക്ഷ്യം**

ഉദ്ഗ്രഥിത പഠനത്തിന്

(STEAM Science Technology Engineering Art Maths)അവസരമൊരുക്കൽ

**പ്രവർത്തനങ്ങൾ**

• ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ് ശില്പശാലകൾ
• വാന നിരീക്ഷണം -ക്യാമ്പ് -
• ശലഭോദ്യാനം - നിർമ്മാണം, വിപുലീകരണം.
• ഫീൽഡ് ട്രിപ്പ്

**കാലയളവ്**

ജനവരി, ഫെബ്രുവരി

**ചുമതല**

SRG, WE അധ്യാപകൻ ,വിഷയാധ്യാപകർ

**സാമ്പത്തികം**

SSK,PTA

**മേഖല: അക്കാദമികം ഉപമേഖല: സാമൂഹ്യ ശാസ്ത്രം**

◆ **ലക്ഷ്യങ്ങൾ**

സാമൂഹിക ജീവി എന്ന നിലയിൽ സാമൂഹിക പ്രശ്നങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ കുട്ടിയെ പ്രാപ്തനാക്കുക

**പ്രവർത്തനങ്ങൾ**

ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

**കാലയളവ്**

അക്കാദമിക വർഷം

**ചുമതല**

അധ്യാപകർ ,രക്ഷിതാക്കൾ

**സാമ്പത്തികം**

PTA, SMC

◆ **ലക്ഷ്യങ്ങൾ**

ജനാധിപത്യമൂല്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ കുട്ടിയെ സജ്ജനാക്കുക

**പ്രവർത്തനങ്ങൾ**

- SS club പ്രവർത്തനങ്ങൾ
- ക്ലാസ്തല-സ്കൂൾ തല തെരഞ്ഞെടുപ്പ്

**കാലയളവ്**

യഥാസമയങ്ങളിൽ

**ചുമതല**

അധ്യാപകർ, SRG

**സാമ്പത്തികം**

SRG ,PTA

◆ **ലക്ഷ്യങ്ങൾ**

വ്യക്തി സമൂഹത്തിൻ്റെ അടിസ്ഥാന യൂണിറ്റാണെന്ന് തിരിച്ചറിഞ്ഞ് അതനുസരിച്ചുള്ള ഇടപെടൽ നടത്താൻ പ്രാപ്തനാക്കുക

**പ്രവർത്തനങ്ങൾ**

- മാലിന്യ നിർമാർജന (ശുചീകരണ) പ്രവർത്തനങ്ങൾ
- ചുമർ പത്രികകൾ

**കാലയളവ്**

അക്കാദമിക വർഷം

**ചുമതല**

SS club

◆ **ലക്ഷ്യങ്ങൾ**

പ്രാദേശികതലം മുതൽ ജനജീവിതത്തിൻ്റെ സമസ്ത മേഖലകളിലേക്കും

കടന്നുചെന്ന് വിശകലനം ചെയ്ത് വിലയിരുത്താനുള്ള കഴിവ് നേടൽ

**പ്രവർത്തനങ്ങൾ**

- പ്രാദേശികചരിത്രരചന
- ചരിത്രസംഭവങ്ങളുടെ കാലഗണന തയ്യാറാക്കൽ

**കാലയളവ്**

ഒരു മാസം

**ചുമതല**

വിഷയ അധ്യാപകർ

**സാമ്പത്തികം**

SRG, PTA, SMC

- **ലക്ഷ്യങ്ങൾ**

പ്രാദേശികതലം മുതൽ ജനജീവിതത്തിൻ്റെ സമസ്ത മേഖലകളിലേക്കും കടന്നുചെന്ന് വിശകലനം ചെയ്ത് വിലയിരുത്താനുള്ള കഴിവ് നേടൽ

**പ്രവർത്തനങ്ങൾ**

- പ്രാദേശികചരിത്രരചന
- ചരിത്രസംഭവങ്ങളുടെ കാലഗണന തയ്യാറാക്കൽ

**കാലയളവ്**

ഒരു മാസം

**ചുമതല**

വിഷയ അധ്യാപകർ,SRG,Ssclub

**സാമ്പത്തികം**

SRG ,PTA

**Subject : English**
**School : GHSS Cheriyamundam**

## Introduction

The mastery of the English language is widely perceived as a significant challenge within society. A common misconception persists among the public that only students from English-medium educational backgrounds possess the requisite capability to excel in English. This perception contributes to numerous difficulties and complex issues encountered by students in their pursuit of English language proficiency. GHSS Cheriyamundam is committed to addressing these challenges comprehensively through the implementation of this academic project. To effectively resolve these issues, both within the school environment and the wider community, it is imperative to develop and execute both short-term and long-term intervention strategies. This endeavour necessitates a thorough micro-level analysis to inform its strategic planning and subsequent implementation.

## Objectives:

- To facilitate students' understanding of core English language principles.
- To enhance students' lexicon and broaden their English vocabulary.
- To optimize opportunities for students to develop receptive English language skills.
- To enhance student's communication skills in English.

| Aims | Activities | Period | Charge | Support |
|---|---|---|---|---|
| Development of Foundational Understanding in | ➢ Pretest<br>➢ Checking of alphabets<br>➢ Letter card making | June-August | Subject Teacher | PTA |

| | | | | |
|---|---|---|---|---|
| English Language Principles | ➢ Introduce new words and its pronunciation<br>➢ Spelling and grammatical correction<br>➢ Reading day celebration (Introduction of famous authors and their books through reading competition)<br>➢ Creation of class library<br>➢ English club formation | | | |
| Development of Language skill | ➢ Reading books<br>➢ Reading Newspapers<br>➢ Story telling<br>➢ Completio | September-November | Subject Teachers | ICT Books Newspaper & Library |

| | | | | |
|---|---|---|---|---|
| | n of stories<br>➢ Learning and listening rhymes<br>➢ Watching English news channels<br>➢ Quiz competition | | | |
| Enhancing Communication Skills | ➢ Development of conversation skills by watching English short films and feature films<br>➢ Role play<br>➢ Debate<br>➢ Elocution<br>➢ Speech<br>➢ Poem writing<br>➢ Script writing<br>➢ Placards<br>➢ English day in a month | December-February | Subject teachers | ICT Theatre |

**Conclusion:**

These programmes were adopted with the aim of resolving the difficulties students encounter in English language acquisition. Additionally, we intend to plan and execute supplementary activities to further improve their language proficiency.

**അക്കാദമിക മാസ്റ്റർ പ്ലാൻ കലാ-കായികാരോഗ്യ- പ്രവൃത്തിപരിചയം**

**ഉപമേഖല - കല (ചിത്രം, സംഗീതം)**

**ലക്ഷ്യങ്ങൾ**

ചിത്രകല, സംഗീതകല മുതലായവരുടെ പരിപോഷണം

ചിത്രകലാ പരിശീലന ക്യാമ്പ്

കേരള സ്കൂൾ കലോത്സവ പരിപാടികൾ ക്കായി കട്ടികളെ തയ്യാറാക്കൽ

**പ്രവർത്തനം**

പ്രത്യേകം മുറി സജ്ജമാക്കി ഉപകരണങ്ങൾ ഒരുക്കൽ സർഗാത്മകത കണ്ടെത്താനുള്ള ശ്രമങ്ങൾ.

ചിത്രകലയിൽ പ്രാവീണ്യം കാണിക്കുന്നവർക്ക് അവധിക്കാലത്ത് മൂന്ന് ദിവസം നീളുന്ന ആർട് ശില്പശാല

തെരഞ്ഞെടുക്കപ്പെടുന്നവർക്ക്  പരിശീലനങ്ങൾ.

**പ്രവർത്തന കാലയളവ്**

അധ്യയന വർഷം

**നിർവഹണ ചുമതല**

ആർട് അധ്യാപകർ

**<u>ഉപമേഖല - ആരോഗ്യ കായിക വിദ്യാഭ്യാസം</u>**

**ലക്ഷ്യങ്ങൾ**

കായിക പരിശീലനം കാര്യക്ഷമമാക്കി ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കൽ

ആരോഗ്യ കായികോന്നമനത്തിനായി സ്കൂൾ കായിക വേദിയുടെ തനതു പ്രവർ ത്തനങ്ങൾ

**<u>പ്രവർത്തനം</u>**

രാവിലെയും വൈകുന്നേരവും പരിശീലനങ്ങൾ

കായികക്ഷമതയും മികവും കണ്ടെത്തുന്നതിന് വിവിധ മത്സരങ്ങൾ

പ്രഥമ ശുശ്രൂഷ എങ്ങനെയെല്ലാം എന്നതിന് പ്രത്യേക പരിശീലനം

സ്കൂൾ കായിക വേദി രൂപീകരണം, വാർഷിക പദ്ധതി ആസൂത്രണം

**പ്രവർത്തന കാലയളവ്**

ആഴ്ചയിൽ മൂന്ന് ദിവസം

**ചുമതല**

കായികചുമതലയുള്ള അധ്യാപകൻ

**<u>ഉപമേഖല – പ്രവൃത്തി പരിചയം</u>**

**ലക്ഷ്യങ്ങൾ**

ഭാഷാ - മാനവിക- ശാസ്ത്രപഠനത്തോ ടൊപ്പം തൊഴിൽ പരിചയം നേടി തനിക്കും സമൂഹത്തിനും മുതൽക്കൂട്ടാവുക

സ്കൂൾ ക്രാഫ്റ്റ് മേള

**പ്രവർത്തനം**

കുട്ടികൾ നിർമിച്ച കുട, ചോക്ക്, L.ED ഇനങ്ങൾ, ബാഗ്, നോട്ടു പുസ്ത കം, തുന്നൽ-എംബ്രോയിഡറി ഐറ്റം, കൊത്തുപണികൾ, തുണിയുൽപ ന്നം, അലങ്കാര ഉൽപന്നങ്ങൾ തുടങ്ങിയവ രക്ഷിതാക്കൾക്കും പൊതുജന ങ്ങൾക്കുമായി പ്രദർശിപ്പിക്കൽ

**പ്രവർത്തന കാലയളവ്**
ആഴ്ചയിൽ മൂന്ന് ദിവസം

**നിർവഹണ ചുമതല**
വർക്ക് എക്സ്പീരിയൻസ് അധ്യാപകൻ

**<u>ഉപമേഖല</u> - ഐ.ടി അധിഷ്ഠി വിദ്യാഭ്യാസം**

**ലക്ഷ്യങ്ങൾ**

എല്ലാ അധ്യാപകരെയും ഐ.ടി അധിഷ്ഠിത ബോധനത്തിന് പ്രാപ്തമാക്കുക.

എല്ലാ കുട്ടികളെയും ഐ.ടി സാക്ഷരരാക്കുക.

ഐ.ടി അധിഷ്ഠിത പഠനത്തിലൂടെ പഠനം രസകരവും ലളിതവുമാക്കുക.

**പ്രവർത്തനം**

എല്ലാ അധ്യാപകർക്കും 2 ദിവസത്തെ ഐ.ടി പരിശീലനം നൽകുക.

കമ്പ്യൂട്ടർ ഉപയോഗിക്കേണ്ട രീതി കുട്ടികൾക്ക് പരിചയപ്പെടുത്തുക.

ഉബുണ്ടുവിലെ ജികോമ്പ്രിക്സ് പാഠങ്ങൾ പഴയ ഐ.ടി ടെക്സ്റ്റ് ബുക്ക് ഉപയോഗിച്ച് പഠിപ്പിക്കുക.

ഇംഗ്ലീഷ്, മലയാളം ടൈപ്പിംഗ് പഠിപ്പിക്കുക.

ഫയൽ ഫോൾഡർ തയ്യാറാക്കാൻ കുട്ടികളെ പഠിപ്പിക്കുക.

ഇന്റർനെറ്റ് ഉപയോഗിച്ച് വിവരങ്ങൾ ശേഖരിക്കാൻ പഠിപ്പിക്കുക.

ഓരോ ക്ലാസിലും ഐ.ടി വിദഗ്ധരായ രക്ഷിതാക്കളുടെ ഗ്രൂപ്പ് രൂപീകരിക്കുക.

എല്ലാ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഐ.ടി വിഭവങ്ങൾ തയ്യാറാക്കുക.

**പ്രവർത്തന കാലയളവ്**
അധ്യയന വർഷം മുഴുവൻ

**നിർവഹണ ചുമതല**

ഐ.ടി അധ്യാപകൻ

# School Resource Group

Biju G S [HM]
Isac M Vargheese
Biji N
Meena C K
Sajeevan Parambath
Vijesh A
Jafer
Aswathy M S
Prajina P V
Shailaja O P
Raveendran M V
Usha H K
Suni B
Greeshma Raj
Linchumol
Ajmala